**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5334** **15-03-2023 - ൽ മറുപടിയ്ക്ക്**

**കേരഫെഡിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2019 ൽ കേരഫെഡിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (എ) | കേരഫെഡിലെ ജീവനക്കാർക്ക് 01.07.2019 തീയതി പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അനുമതി തേടികൊണ്ടുള്ള പ്രൊപ്പോസൽ മാനേജിംഗ് ഡയറക്ടർ 12.12.2022 ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ച് വരുന്നു. |
| (ബി) | 1992 മുതൽ താൽക്കാലികമായി ജോലി ചെയ്തുവന്നിരുന്ന കേര ഫെഡ് ജീവനക്കാരെ 2008 ൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള ശമ്പളം, ലീവ് എന്നിവ ലഭിക്കാത്ത ജീവനക്കാർ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരഫെഡിന്റെ കരുനാഗപ്പള്ളി/നടുവണ്ണൂർ ഫാക്ടറികളിൽ സ്ഥിരപ്പെടുത്തിയ കാഷ്വൽ വർക്കർമാർക്കും കാഷ്വൽ ടെക്നീഷ്യൻമാർക്കും ഫാക്ടറീസ് ആക്ട് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് വരുന്നു. |
| (സി) | 1992 മുതലോ ജോലിക്ക് പ്രവേശിച്ച നാൾ മുതലോ ഉള്ള ഗ്രാറ്റുവിറ്റി നൽകണമെന്ന കോടതി വിധി നിലവിലുണ്ടോ; എങ്കിൽ എന്തുകൊണ്ട് പ്രസ്തുത വിധി നടപ്പിലാക്കുന്നില്ല എന്ന് വ്യക്തമാക്കാമോ? | (സി) | 1972-ലെ ഗ്രാറ്റുവിറ്റി ആക്ട് പ്രകാരമാണ് കേരഫെഡിൽ ഗ്രാറ്റുവിറ്റി നടപ്പിലാക്കി വരുന്നത്. ജീവനക്കാരുടെ താൽക്കാലിക സർവ്വീസും സ്ഥിരപ്പെടുത്തിയ സർവ്വീസും ഒന്നായി കണക്കാക്കിയാണ് ഗ്രാറ്റുവിറ്റി നൽകിവരുന്നത്. 1992 മുതലോ ജോലിക്ക് പ്രവേശിച്ച നാൾ മുതലോ ഉള്ള ഗ്രാറ്റുവിറ്റി നൽകണമെന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ